# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4641** **25.06.2019-ൽ മറുപടിയ്ക്ക്**

**<u>ഉൾനാടൻ മത്സ്യബന്ധനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യസമ്പത്തിൽ, പ്രത്യേകിച്ച് ഉൾനാടൻ മത്സ്യങ്ങളിൽ, കാര്യമായ കുറവുണ്ടായതിന്റെ പശ്ചാത്തലത്തിൽ മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന് ജല ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുന്നതിന് പരിപാടിയുണ്ടോ; | എ) ഉണ്ട്. |
| ബി) ഉൾനാടൻ മത്സ്യബന്ധനത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തി ജലാശയങ്ങളെ സംരക്ഷിത മേഖലകളായി പരിപാലിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; | ബി) ഉൾനാടൻ ജലാശയങ്ങളിലുൾപ്പെട്ട വേമ്പനാട്, അഷ്ടമുടിക്കായലുകൾ സംരക്ഷിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി 348 ലക്ഷം രൂപയുടെ പദ്ധതിയും അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി 190 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലാണ്. ഇതിൽ കരിമീൻ, പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ രൂപീകരിക്കാനും, കക്കകളുടെ സംരക്ഷണത്തിനായി "കക്ക സംരക്ഷിത മേഖലകൾ" രൂപീകരിക്കാനും, ഈ പദ്ധതിയുടെ ഭാഗമായി മത്സ്യത്തിന്റെയും കൊഞ്ചിന്റെയും പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| സി) കായലുകൾ, നദികൾ, ജലസംഭരണി കൾ എന്നിവയിലുൾപ്പെടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; കടലിൽ കൂട് മത്സ്യകൃഷിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; | സി) കായലുകൾ, നദികൾ, ജലസംഭരണികൾ എന്നിവയിലുൾപ്പെടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. കടലിൽ കൂടുകൃഷി നടത്തുന്നതിനായി നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി CMFRI, RGCA മുതലായ കേന്ദ്ര സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ അഡാക്ക് വഴിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുടെ തീരക്കടലിൽ 12 ഫാദം ആഴമുള്ള പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും അനുയോജ്യമായ ബിഡുകൾ ഒന്നും |

തന്നെ ലഭിക്കാത്തതിനാൽ ടി പദ്ധതി Sea like condition ഉള്ള അഴി/പൊഴി മുഖങ്ങളിലായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി, കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തങ്കശ്ശേരി, ദളവാപുരം, എറണാകുളം ജില്ലയിലെ മുനമ്പം, കണ്ണൂർ ജില്ലയിലെ ഏഴിമല, വലിയ കടപ്പുറം ആഴി എന്നിവിടങ്ങളിൽ കേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഡി) മൽസ്യോല്പന്നങ്ങൾക്കു കയറ്റുമതി സാധ്യതയുണ്ടാകാൻ ഉയർന്ന ഗുണനിലവാരം പുലർത്തേണ്ടതിനാൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഡി) വകുപ്പ് മുഖാന്തിരം നിലവിൽ നടപടികളൊന്നും സ്വീകരിക്കുന്നില്ല. ഭാരതസർക്കാരിന്റെ Export Inspection Agency, MPEDA എന്നീ ഏജൻസികളാണ് കയറ്റുമതി സാധ്യതയുള്ള സമുദ്ര ഉല്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നത്. എന്നാൽ കയറ്റുമതി ചെയ്യുന്ന മത്സ്യം എവിടെ നിന്നാണ് പിടിച്ചെടുക്കുന്നതെന്നും കൃത്യമായ catch certificate നൽകാൻ കഴിയുന്ന വിധം mechanized boat കൾക്ക് vessel monitoring system/vessel tracking device നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഹാർബറുകളിൽ ആരോഗ്യകരമായി മത്സ്യം കൈകാര്യം ചെയ്യുന്നതിലൂടെ മത്സ്യക്കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനു ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വഴി നടപടികൾ ആരംഭിക്കുന്നതാണ്. മത്സ്യ ഉല്പന്നങ്ങളിൽ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പ് വരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. Marine Stewardship Certificate (MSC) അഷ്ടമുടിക്കായലിലെ കക്കയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പിന്റെ മുൻകൈയ്യിൽ സ്വീകരിക്കുകയും എം.എസ്.സി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ആഫീസർ